1918

അരാവലിയിൽ

— അഥവാ —

രജപുത്രസ്മാരകം

KOTTAYAM PUBLIC LIBRARY
39729
KOTTAYAM.

ഗ്രന്ഥകർത്ത്രി:—

മിസിസ്സ് കെ. പി. കെ. നമ്പ്യാർ

പ്രസാധകന്മാർ:—

ഹാജി കെ. പി. അഹമ്മദ്കുഞ്ഞി & ബ്രദർസ്,

റജി: പബ്ലിഷർസ്, കണ്ണൂര്.

ഒന്നാം പതിപ്പ് 1956 വില എട്ടണ

കോപ്പി 1000

[പകർപ്പവകാശം പ്രസാധകന്മാർക്ക്]

Printed at
The Silver Jubilee Printing Works
CANNANORE.

മുഖവുര

വിദ്യാലയങ്ങളിൽ അഭിനയിക്കുവാൻ പററിയ നാടകങ്ങൾ മാതൃഭാഷയിൽ വളരെ കുറവാണ്. ശൃംഗാരരംഗങ്ങളാൽ അലങ്കോലപ്പെട്ടോ, പ്രാകൃതഭാഷയോടുകൂടിയുള്ള ഫലിതരംഗങ്ങളാൽ അന്തസ്സ് കുറഞ്ഞോ നാടകങ്ങൾ വിദ്യാർത്ഥികൾക്ക് പലപ്പോഴും പററാതെ പോകാറുണ്ട്.

അഭിനയത്തിന്നും രസസ്സുരണത്തിന്നും അനുയോജ്യമായ വേഷവിധാനത്തിന്നും സാമുദായിക നാടകങ്ങളേക്കാൾ ചരിത്രനാടകങ്ങളാണ് വിദ്യാർത്ഥികൾക്ക് പററിയവ. കേവലം ചരിത്ര പുസ്തകത്തിൽ വായിച്ചുതോ പുരാണകഥകളോ അഭിനയിക്കുന്നതിലും ഭേദം ചരിത്രസംഭവങ്ങളുമായി ബന്ധപ്പെടുന്ന വീരരസപ്രധാനമായ ആഖ്യായികകളായിരിക്കും. ദേശാഭിമാനം, ത്യാഗസന്നദ്ധത, വീരാരാധന എന്നിവയുൾക്കൊള്ളുന്ന നാടകങ്ങൾ സ്വതന്ത്രഭാരതത്തിന്ന അത്യാവശ്യമാണ്.

മററുകലാപരിപാടികളോടുകൂടിയ ഒരു വാർഷികോത്സവത്തിലെ നാടകത്തിൽ നിയമപ്രകാരമുള്ള അങ്കവിഭേദങ്ങളുടെയും മററും നിഷ്ക്കർഷ സ്വീകരിക്കാവതു

ല്ല. ആകെ രണ്ടു മണിക്കൂറിൽ കവിയാത്ത വണ്ണം, പത്തിൽ അധികരിക്കാത്ത രംഗങ്ങളാണഭിലഷണീയം.

പാട്ടുകൾ പലപ്പോഴും പരാജയപ്പെട്ടും. അദ്ധ്യേതാക്കൾക്ക് ഹിതമായതും വശമായതുമായ രാഗത്തിൽ ഗാനങ്ങൾ നിർമ്മിച്ചു ചേർക്കയോ, അല്ലെങ്കിൽ കീർത്തനങ്ങളെ ആശ്രയിക്കയോ, പാട്ടുവാൻ തീരെ സാദ്ധ്യമല്ലെങ്കിൽ പ്രഹസരരീതി അവലംബിക്കയോ ചെയ്യാവുന്ന വിധത്തിലുള്ള നാടകങ്ങളാണ് നല്ലതെന്നുള്ള അഭിപ്രായത്തെ മുൻനിർത്തിയാണ് അധികം പാട്ടുകൾ ഇതിൽ ഉൾക്കൊള്ളിക്കാഞ്ഞതു്.

കേവലം ദുഃഖപര്യവസായിയാകാതെ, നമ്മെ കർത്തവ്യോന്മുഖരാക്കുമാറ് ആഹ്വാനം ചെയ്തുകൊണ്ടു് ഉപസംഹരിച്ചതു് ആദ്യവും അവസാനവുമുള്ള വിഷ്ക്കംഭങ്ങളെ ബന്ധിച്ചിട്ടാണ്.

വിദ്യാർത്ഥികളിൽ കൂടുതൽ അഭിനയപാടവം വളർത്തുവാൻ കളമൊരുക്കുകയാണ് ഈ നാടകംകൊണ്ടു് ഞാനുദ്ദേശിച്ച വേറൊരു കാര്യം. അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ഈ പുസ്തകം ഉപകരിച്ചുവെങ്കിൽ ഞാൻ കൃതകൃത്യയായി. ഈ ചെറിയ പുസ്തകം കൈരളീതൃച്ചേവടികളിൽ സവിനയം സമർപ്പിച്ചുകൊള്ളട്ടെ.

ഗ്രന്ഥകർത്ത്രി

അവതാരിക

"ഹാ! ഹിന്ദുവും മുസ്ലീമും ഐക്യത്തോടെ കഴിയുമെങ്കിൽ ഇതു രാമരാജ്യം തന്നെയാകും. വർഗ്ഗീയതയും അഭിപ്രായ വ്യത്യാസവുംകൊണ്ടു് വ്യത്യസ്തസംഘങ്ങൾ രൂപീകരിച്ചതാണ് ഭാരതത്തിൻെറ അധോഗതിക്കടിസ്ഥാനകാരണമെന്നു ഇനിയെങ്കിലും ഭാരതീയർ മനസ്സിലാക്കുമെങ്കിൽ!" ഈ പ്രഹസനത്തിലെ അവസാന രംഗത്തിൽ മഹാനായ അക്ബർ ചക്രവർത്തിയെക്കൊണ്ടു് ഗ്രന്ഥകർത്താവ് പറയിച്ച വാക്കുകളാണിവ. ഈയൊരു പാഠം തന്നെയാണ്, പ്രഹസനത്തിൻെറ ജീവനാഡിയായി ആരംഭം മുതൽ അവസാനംവരെ നീണ്ടുകിടക്കുന്നതും. ഒടുവിൽ, ഹിന്ദുവും മുസ്ലീമുമായ രണ്ടു സുഹൃത്തുക്കൾകൂടി ഇങ്ങിനെ അഭിപ്രായപ്പെട്ടിരിക്കുന്നു, "ഇനിയെങ്കിലും നാമെല്ലാം യോജിപ്പോടെ, ഭാരതീയർ എന്ന പേരോടെ, സാഹോദര്യം പുലർത്തി ജീവിക്കാഞ്ഞാൽ ഈ സ്വാതന്ത്ര്യ ഭാരതത്തിൻെറ ഭാവി എന്താകും!" അടിമ ഭാരതത്തിൻെറയും ഭാരത സ്വാതന്ത്ര്യസമരങ്ങളുടേയും, സ്വാതന്ത്ര്യത്തിനുവേണ്ടി കരിങ്കാലിത്തവും അഞ്ചാംപത്തിത്തവും ചതിയും പ്രയോഗിച്ചതിൻെറയും കഴിഞ്ഞ കാലങ്ങളിലെ ചരിത്രം ആസ്പദമാക്കി, പ്രത്യാശാഭരിതമായ ഭാവി സാർത്ഥമാകുന്നതിന്നുള്ള "എങ്കിൽ" എന്ന ഉപാ-

ധിയിലേക്ക ഭാരതീയരുടെ ശ്രദ്ധ ചൂണ്ടിക്കാട്ടുന്ന വ്യക്തമായ ഒരു ഉൽബോധനം ഉപരിലിഖിതമായ വചനങ്ങളിൽ തെളിഞ്ഞു കാണാവുന്നതാണ്.

അങ്ങിനെ, ദേശാഭിമാനോദ്ദീപകമായ ഈ ചെറു പ്രഹസനം സജ്ജനസമക്ഷം അവതരിപ്പിക്കുവാൻ സംഗതി വന്നതിൽ ഞാൻ അഭിമാനംകൊള്ളുകയാണ്. അക്ബറുടെ കുലീനചക്രവൎത്തിത്വത്തിന്ന് കരിതേച്ചുകൊണ്ടുള്ള സലീമിൻെറ വിടപ്രഭുത്വവും ദുഷ്പ്രഭുത്വവും രജപുത്രരുടെ വീരോചിതമായ രക്തസാക്ഷിത്വത്തിന്ന കാരണഭൂതമായി ചിത്രീകരിക്കുന്ന നാടകങ്ങളും നോവലുകളും നമ്മുടെ ഭാഷയിൽ വിരളമല്ല. ആയൊരു പരമ്പരയിൽ, മാതൃഭൂമിയുടെ പരിസേവനത്തിന്ന് ഉയിർ ബലികൊടുക്കുന്നതിൽ ആൺ പെൺ വ്യത്യാസമുണ്ടായിട്ടില്ലെന്നഭാരതത്തിൻെറ സമ്മോഹനപാരമ്പൎയ്യം വിളിച്ചോതിക്കൊണ്ടു വീരോചിതമായ ഈ പ്രഹസനം ചെറുവിദ്യാൎത്ഥികളുടെ അഭിനയത്തിന്നായി നിർദ്ദേശിക്കുന്നതിലും എനിക്കഭിമാനമുണ്ട്. കാരണം, പ്രചരണോപാധിയോടുകൂടിയ സാമൂഹ്യ നാടകങ്ങളല്ല, ദേശാഭിമാനോദ്ദീപകമായ ചരിത്ര നാടകങ്ങളാണ് വിദ്യാൎത്ഥികളുടെ ഇളം ഹൃദയത്തിന്ന യോജിച്ചവയെന്ന ഞാൻ വിശ്വസിക്കുന്നു. വായിക്കുവാൻ മാത്രം കൊള്ളുന്നവ, അഭിനയിക്കുവാൻ പററിയവ, സാഹിത്യപ്രാധാന്യം മാത്രമുള്ളവ എന്നിങ്ങനെ നാടകങ്ങൾ ഇനം തിരിക്കാം. വായിച്ചാസ്വദി

ക്കവാനും അഭിനയിച്ച ഫലിപ്പിക്കുവാനും ഉചിതമായ ഒരു പ്രഹസനമാണ് ഈ "അരാവലിയിൽ."

ഒരു നിലയ്ക്കു നോക്കുമ്പോൾ ഇതഭിനയിച്ച് ഫലിപ്പിക്കുക വളരെ പ്രയാസമുള്ളൊരു കാര്യമാണ്. വീര്യം, കരുണം, ശോകം മുതലായ വിശിഷ്ടരസങ്ങൾ ഒന്നിനോടൊന്നു സമ്മേളിച്ച സംപുഷ്ടമായിട്ടുള്ളതാണ് ഇതിലെ ഓരോ രംഗവും. ഏതേതു രസമാണ് ഇതിൽ അംഗിയായിരിക്കുന്നതു് എന്നു വക തിരിച്ച കാണിക്കുക പ്രയാസം. രസനായകനായ ശൃംഗാരംകൂടിയും ഇതിൽ നിബന്ധിച്ചിരിക്കുകയാണ്—പക്ഷെ, വെറും ശാസ്ത്രോക്തിയുടെ സീമ വിടാതെ. മാതൃഭൂമിയുടെ മോചനം നേടുകയെന്ന നായികാനായകന്മാരുടെ ലക്ഷ്യത്തിന്നു പ്രചോദനം നൽകുന്നതിന്നായിട്ടാണ് അവർ തമ്മിലുള്ള പ്രേമബന്ധം സമർത്ഥമായിട്ടുള്ളതു്. അത്രക്കും ആ ശൃംഗാരരസം സമുന്നതാദർശപരിവേഷിതമായിരിക്കുന്നു. കാണികളിൽ മായാത്ത വികാരമുളവാക്കുവാൻ തക്കവണ്ണം അത്തരം രസങ്ങൾ അഭിനയിച്ച വിജയിപ്പിക്കുന്നതിന്നു പറ്റിയ കലാങ്കുരങ്ങൾ നമ്മുടെ പിഞ്ചു വിദ്യാർത്ഥികളുടെ ഇടയിൽ ഇന്നു അധികമധികം ഉയൎന്നു വരികയാണെന്നതു അഭിമാനാർഹമായ വാസ്തവമാണ്.

ശുഭപര്യവസായിയായിരിക്കണം നാടകമെന്നു് ഗ്രന്ഥകർത്രി പ്രത്യേകം നിഷ്കൎഷവെച്ചിട്ടുള്ളപോലെ തോന്നുന്നു. അവസാനത്തിൽ ചേർത്ത വിഷ്കംഭം അതിന്നു

ള്ളൊരുദ്ദ്യമമാണ്. മനഃശാസ്ത്രപരമായി നോക്കുമ്പോൾ ദുഃഖപര്യവസായിയായ ദൃശ്യശ്രവ്യകാവ്യങ്ങളല്ലേ കൂടുതൽ ജനഹൃദയത്തെ സ്പർശിക്കുന്നതിന്നു പര്യാപ്തമാവുക എന്നു തോന്നാൻ പാടില്ലായ്കയില്ല. ഷേക്സ്പീയർ നാടകങ്ങളിൽ സർവ്വത്ര പ്രാമുഖ്യം വഹിക്കുന്നവ ആ സുപ്രസിദ്ധമായ നാലു "ട്രാജഡികൾ" ആണല്ലൊ. "രമണ"ൻെറ വിജയം അതൊരു ട്രാജഡിയായിത്തീൎന്നതല്ലേ? വാസ്തവത്തിൽ, ഈ പ്രഹസനവും അത്തരത്തിൽ ഉള്ള ഒരു ട്രാജഡി തന്നെയാണ്. അത്രത്തോളം അതു് പ്രേക്ഷക ഹൃദയങ്ങളിൽ ആഞ്ഞുമുങ്ങി വികാരകല്ലോലങ്ങൾ ഉയൎത്തുവാൻ പര്യാപ്തവുമാണ്. അതുതന്നെയാണ് ഈ പ്രഹസനത്തിൻെറ വിജയവും.

ഗ്രന്ഥകൎത്ത്രിക്കും ഈ പ്രഹസനത്തിന്നും സർവ്വവിജയവും ആശംസിച്ചുകൊണ്ടു് ഈ കൊച്ചു പ്രഹസനപുസ്തകം ഞാൻ ബഹുജനരംഗത്തിൽ അവതരിപ്പിക്കുകയാണ്.

കണ്ണൂര്.
30—12—'55.

എം. പി. എൻ. നായർ

KOTTAYAM PUBLIC LIBRARY
39729
KOTTAYAM.

അരാവലിയിൽ

— അഥവാ —

രജപുത്രസ്മാരകം

വിഷ്ടംഭം

(ഒരു ഹിന്ദുവും മുസ്ലിമും പ്രവേശിക്കുന്നു.)

മുസ്ലിം:—സുഹൃത്തേ, ഇതാണ് ചരിത്രപ്രസിദ്ധമായ അരാവലിപ്രാന്തം. ആ കാണുന്ന കുന്നിലായിരുന്നു രജപുത്രർ സൈന്യശേഖരം ചെയ്തു താമസിച്ചതു്.

ഹിന്ദു:—സ്നേഹിതാ, പഴയ ചരിത്രത്തിന്റെ അവശിഷ്ടമൊന്നും ഇവിടെ കാണ്മാനില്ലെങ്കിലും എന്തോ ഒരു ചൈതന്യവിശേഷം കളിയാടുന്നപോലെ തോന്നുന്നു.

മുസ്ലിം:—തീർച്ചയായും. അതാ നോക്കു, മൂന്നുസ്മാരകങ്ങൾ.

ഹിന്ദു:—കണ്ടു. അവയെന്താണ്?

മുസ്ലിം:—ക്രിസ്ത്വാബ്ദം 1600ൽ മഹാനായ അക്ബർ ചക്രവർത്തി സ്ഥാപിച്ചതാണവ. അതിൽ ഒന്നു വി

ജയകുമാരൻെറ സ്മാരകമാണ്. മററു രണ്ടെണ്ണം വീരസിംഹപ്രഭുവിൻെറയും മകൾ ശ്യാമളയുടെയും സ്മാരകങ്ങളാണ്.

ഹിന്ദു:—വാസ്തവമോ? ഒരു മുസ്ലിം ഹിന്ദുക്കളുടെ പേരിൽ സ്മാരകം പണിയിച്ചിരുന്നുവെന്നോ! എന്താണ് സ്നേഹിതാ ഇത്, അത്ഭുതം!

മുസ്ലിം:—അതേ സ്നേഹിതാ; അതെ. സ്വാതന്ത്ര്യപ്പോർഭടന്മാരാണവർ—പടക്കളത്തിൽ വീണു മൃതിയടഞ്ഞവർ. അക്ബർ പാദുഷാ തന്നെ ആ വീരമൃത്യുവിന്നു സാക്ഷ്യം വഹിച്ചു. ആ അത്ഭുതരംഗം വായിച്ചതു ഇന്നും സ്മൃതിപഥത്തിൽ നിന്നു മാഞ്ഞുപോകുന്നില്ല.

ഹിന്ദു:—അരാവലിയിലെ അത്ഭുതരംഗമോ?

മുസ്ലിം:—അതെ. സലിംരാജകുമാരൻെറ ദുസ്സ്വഭാവം, അക്ബറുടെ മഹാമനസ്കത, വീരസിംഹൻെറ സ്വാഭിമാനം, വിജയകുമാരൻെറസ്വാതന്ത്ര്യദാഹം, ശ്യാമളയുടെ സേവനമനസ്ഥിതി ഇവയെല്ലാം എൻെറ ഹൃദയനാടകവേദിയിൽ നിന്നു നീങ്ങുന്നില്ല.

ഹിന്ദു:—വീരരസം തുളുമ്പുന്ന ആ കഥ ഒന്നുപറയൂ സ്നേഹിതാ. ഞാൻ കേൾക്കട്ടെ. ഇവിടെ ഇരിക്കാം, പ്രകൃതിമാതാവ് വിരിച്ച ഈ പച്ചവിരിപ്പിൽ.

— കർട്ടൻ —

രംഗം ഒന്നു്

❁

[ശ്യാമളാ രാജകുമാരിയും ലവാംഗി എന്ന തോഴിയും
തോട്ടത്തിൽ പൂവറുത്തുകൊണ്ടു്]

ശ്യാമളയും തോഴിയും
ഒന്നായി— (തങ്കക്കിനാക്കാം എന്ന രീതി)

പ്രശാന്തകാന്തിപ്രസരം വീശും
അമന്ദ മഞ്ജുളമാരാമം

ശ്യാമളാ:— തുടൎന്നസൂനം വിരിയും തോറും
തിരയുന്നാളികുല മഭിരാമം

ശ്യാമളയും തോഴിയും:—
പ്രശാന്തകാന്തിപ്രസരംവീശും
അമന്ദ മഞ്ജുളമാരാമം

തോഴി:— വിജയകുമാരൻ പ്രീത്യാ തിരയും
കുമാരി ശ്യാമളയേപോൽ

ശ്യാമളാ:— മതി മതി സഖിനിൻ നിന്ദാവമതികൾ
മതി ചാരുശീലേ.

ശ്യാമളയും ലവാംഗിയും:—

പ്രശാന്തകാന്തി പ്രസരംവീശും
അമന്ദ മഞ്ജുളമാരാമം.

ശ്യാമള:—സഖി ലവാംഗീ! അരാവലിദുർഗ്ഗം അക്ബ ക്ക് കീഴടങ്ങിയ ശേഷം ഉദ്യാനത്തിൽ ഉലാത്തു വാൻ ഉത്സുകയായിരുന്നില്ല ഞാൻ.

ലവാംഗി:—സഖീ, പ്രപഞ്ചകത്താവിൻെറ കേളീവിഹാ രമാണ് ലോകം. നാമെല്ലാം അവിടത്തെ ഉദ്യാന ത്തിലെ പൂംപാററകഠം; ക്ഷണഭംഗുരമായ ഈ ലോ കത്തിൻെറ അന്തരിച്ച ഐശ്വര്യങ്ങളെ അയവി റക്കിക്കഴിയുന്ന അത്ഭുത സൃഷ്ടികഠം.

ശ്യാമള:—സഖിയുടെ സാഹിത്യം കെങ്കേമമാകുന്നുണ്ട്. ഇത്തരത്തിൽ എഴുതി ഒരു വേദാന്തപുസ്തകം ഉ ണ്ടാക്കിയാൽ.

ലവാംഗി:—ഓ, ഹോ, ലവാംഗിയുടെ സാഹിത്യം ഈ യ്യിടെയായിട്ടു രസിക്കാറില്ലല്ലൊ. വിജയകുമാര ൻെറ കാവ്യങ്ങഠം വായിക്കുവാൻ മുഴുവൻ സമയവും സ്വാമിനി ചിലവാക്കുന്നതുകൊണ്ടാണ് ഞാൻ ഒരു വേദാന്തഗ്രന്ഥം എഴുതാത്തതു്.

ശ്യാമള:—എന്താണ് ലവാംഗീ! കുമാരൻെറ കാവ്യങ്ങഠം അത്ര രസിച്ചില്ലെന്നുണ്ടോ?

ലവാംഗി:—പിന്നെ, ഇല്ലെന്നോ? എനിക്ക് രസിച്ചില്ലെങ്കിലും എൻെറ സഖി ശ്യാമളക്ക് നന്നായി പിടിച്ചിട്ടുണ്ട്. വണ്ടും,ഞണ്ടും, താമരയും, താലവും, തരുതിയും ഇങ്ങിനെ ധാരാളം കൂട്ടിയിണക്കിക്കവിതയെഴുതുന്ന യുവകവികളെ ഞാൻ എത്ര കണ്ടിട്ടുണ്ട് ചില യുവതികളെ ഭ്രാന്തു പിടിപ്പിക്കുവാൻ പററുന്ന കവിതകൾ.

ശ്യാമള:—ലവാംഗി! "രാജസ്ഥാനത്തിലെ തോപ്പ്" എന്ന വിജയകുമാരൻെറ കവിത സഖിവായിച്ചുവൊ? തോട്ടത്തിലെ പുഷ്പങ്ങളെ മുഴുവനും നശിപ്പിക്കുന്ന ഒരു വണ്ടിനെ അതിൽ കണ്ടില്ലേ? അതെ, ചാരിത്ര്യസൌരഭം കവൎന്നെടുക്കുന്ന മുകിലവണ്ട്.

ലവാംഗി:—ആ വണ്ട് അക്ബർ പാദുഷായുടെ മകൻ സലിം രാജകുമാരനും പുഷ്പങ്ങൾ രജപുത്ര കന്യകകളുമാണെന്നുകൂടി എനിക്കു മനസ്സിലായിട്ടുണ്ട്. അതുകൊണ്ടെന്താണ് കാര്യം? വണ്ടും, പൂന്തോപ്പും ഞണ്ടും, കൈപ്പാട്ടംകൊണ്ട് കവനമെഴുതിക്കഴിഞ്ഞാൽ മുകിളനിൽനിന്നു രജപുത്രാവനിയെ മുക്തയാക്കാമെന്നൊ സഖിയുടെമതം? തൂലികായോധനം കൈവെടിഞ്ഞു ഉടവാൾ വീശേണ്ടുന്ന കാലം അതിക്രമിക്കുകയാണ് ആൎയ്യാവൎത്തത്തിന്നു. ബാപ്പരായനും സമരസിംഹനും റാണാകുംഭനും കവിതകൊണ്ടല്ല കാര്യം നേടിയതു്.

ശ്യാമള:—ശരിയാണ്. പക്ഷെ വിജയകുമാരൻെറ കാവ്യം ഏതൊരു രജപുത്രൻെറയും ധമനികകളിൽ രക്തത്തിന്നു ചൂടുണ്ടാക്കുന്നു. അരാവലിയിലെ അഖിലക്ഷം അരാതിയോട് അടരാടി മരിക്കുവാൻ അഭിലാഷം അദ്ദേഹത്തിൻെറ കവിതകഠം സൃഷ്ടിച്ചിട്ടുണ്ട്.

ലവാംഗി:—ഞാനതല്ല പറഞ്ഞതിൻെറ അത്ഥം. നമ്മുടെ ഇടയിലെ സാധാരണ കവികളിൽ മിക്കവരും സ്വാത്ഥലാഭത്തിന്നു കവിത എഴുതുന്നവരാണ്. പണവും പദവിയുമാണ് അവരുടെ ലക്ഷ്യം. വാളെടുക്കുവാൻപറയുന്ന ചില കവികഠം വാളൊലികേട്ടു ഞെട്ടുന്നു. ചാരിത്രത്തെപ്പററി വേശ്യാലയത്തിൽ വെച്ചു കവിത എഴുതുന്നവരും ഇന്നാട്ടിലുണ്ടല്ലൊ.

ശ്യാമള:—ഇതൊക്കെ ശരിയാണെങ്കിലും ആര്യാവത്തത്തിലെ അഭിമാനസ്തംഭമാണ് വിജയകുമാരൻ. അരാവലി പർവ്വതഗഹ്വരങ്ങളിൽപോലും മാറെറാലി കൊള്ളുന്നുണ്ട് ആ കാവ്യതല്ലജങ്ങഠം. അക്ബർ പാദുഷപോലും അമ്പരന്നു പോകുന്നുണ്ട്.

ലവാംഗി:—സഖീ! സഖിയുടെ അന്തരംഗമറിയുവാൻ ഞാൻ ഒരു വിമശനം നടത്തിയതാണ്. മാദ്രീപുരം മഹാറാണയുടെ മകനായ വിജയകുമാരൻ സംഗീത സാഹിത്യാദി കലകളിൽ മാത്രമല്ല ആയോധനത്തിലും അദ്വിതീയനാണെന്നു അറിവായി

കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കൃഷ്ണപൌർണ്ണമി ദിവസമുണ്ടായ കുതിരസ്സവാരിമത്സരത്തിൽ സലിം രാജകുമാരൻെറ എതിരാളി വിജയകുമാരനായിരുന്നുവത്രെ. പക്ഷെ കുമാരനെ നേരിട്ട കാണ്മവാനുള്ള ഭാഗ്യം എനിക്കും ഉണ്ടായിട്ടില്ല. അക്ബൎക്കെതിരായി സമരം നടത്തുവാൻ സൈന്യശേഖരണാൎത്ഥം കുമാരൻ നാടെങ്ങും സഞ്ചരിക്കുകയാണ്. അതിനിടയിൽ കവിതയും. അടുത്തു ആരാവലിക്ക് വരുന്നുണ്ടെന്നുകേട്ടു. വന്നാൽ അച്ഛനെ കാണാതെ പോകയില്ല. ശ്യാമളയേയും.

ശ്യാമള:—അതാ നോക്കു; സൂൎയ്യബിംബം അസ്തമനപൎവ്വതത്തിന്നപ്പുറം താണു തുടങ്ങി. പറവകൾ കൂടണയുവാൻ കൊതിക്കുന്നു. സ്ത്രീകൾക്ക് രക്ഷയില്ലാത്ത സലിം രാജകുമാരൻ നരനായാട്ടു നടത്തുന്ന, കാലമാണിതു്. അതിനാൽ ഇനി ഒട്ടും വൈകാതെ വീട്ടിലേക്കു പോകതന്നെ.

[ശ്യാമളയും ലവാംഗിയും പാട്ട്)

(ഗായേജഗീത് എന്ന രീതി)

ഭാരത ഭൂമിതൻ ഭാഗധേയം പരം
ഭാസമനാദർശാൽ ഭവ്യമാക്കാൻ
ഭാവിച്ചു ജീവിതപ്പോരിൽപ്പൊരുതുവാൻ
പാവന തൂലികയേന്തുവോനേ!
വീരാ! വിജയകുമാരാ! ഭവാദൃശ
വീരരെ വേണമെന്നമ്മക്കെന്നും
(ഭാരതഭൂമിതൻ.....)

— കർട്ടൻ —

രംഗം രണ്ട്

[ഗുഹാമുഖത്തിലെ ചെറിയ കുടിലിൻെറ മുമ്പിൽ ശ്യാമളയുടെ അച്ഛൻ വീരസിംഹൻ ചിന്താമഗ്നനായിരിക്കുന്നു.]

വീരസിംഹൻ:—

(ആത്മഗതം) കഷ്ടം! രജപുത്രരുടെ ഇടയിലെ ഭിന്നിപ്പും സ്ഥാനമാനങ്ങൾക്കുള്ള വ്യാമോഹവും അല്ലേ മാതൃധരയുടെ കണ്ണിൽ കരടുപെടുവാൻ ഇടയാക്കിയതു്! എത്ര രജപുത്രരാണ് ആ മുകിലപ്രഭുവിനു സ്വന്തം സഹോദരിമാരെപ്പോലും കാഴ്ചവെച്ചതു്! രജപുത്രാഭിമാന വൃക്ഷത്തെ മുരടോടെ മുറിക്കുന്ന കോടാലികൾ. ഇല്ല—അരാവലി ദുർഗ്ഗം അരാതിയുടെ കയ്യിലാണെങ്കിലും ആ അരാതിയായ അക്ബർക്കു കുനിക്കുവാനുള്ള തല ഈ വീരസിംഹൻെറ ഉടലിലില്ല. ജീവിതകാലം മുഴുവനും അടരാടിത്തഴമ്പിച്ച വാൾ വ്രണങ്ങൾ ധമനികകളിലെ രക്തം വാൎദ്ധക്യത്തോടെ വററിച്ചിട്ടുണ്ടെങ്കിലും ഉറയിലെ ഉടവാൾ ഉയൎത്തുവാൻ ഈ ക്ഷത്രിയന്നു കഴിവുള്ളേടത്തോളം ഈ ബാഹുക്കൾ കൃതകൃത്യമാവും. പക്ഷെ ശ്യാമള—എൻെറ ഒരൊററ മകൾ—ജീവിതത്തിലെ ആശയും ആശ്വാസവുമാണവൾ.

1918

രാജഭോഗങ്ങളെല്ലാം കൈവെടിഞ്ഞു പട്ടിണിയും കഷ്ടപ്പാടുകളും അനുഭവിച്ചു ഈ കാട്ടിൽ കഴിയുന്നതു കാണുവാൻ ഈ വൃദ്ധപിതാവിന്റെ കരളിന്നു കട്ടപ്പമില്ലല്ലൊ. ഭാവിയെ ഒട്ടുംതന്നെ ഓർക്കാതെ ആ കൊച്ചുകുട്ടി ലവാംഗിയുമായി കളിച്ചു കഴിയുകയാണ്. എന്റെ കാലശേഷം അവളുടെ കഥ എന്താണാവോ! എല്ലാം ഈശ്വരവിലാസം.

(ശ്യാമള പ്രവേശിക്കുന്നു)

ശ്യാമള:—അച്ഛാ, അച്ഛനെന്തിന്നു കരയുന്നു? കണ്ണുകൾ വല്ലാതെ കലങ്ങീട്ടുണ്ടല്ലൊ—എന്താണൊരു കുണ്ഠിതം? പറയൂ, അച്ഛാ!

വീരസിംഹൻ:—മകളെ, പ്രിയപ്പെട്ട മകളെ! എനിക്കെന്തിനാണ് കുണ്ഠിതം. അരാവലികോട്ട നഷ്ടപ്പെട്ടാലും എന്റെ ഓമനമകളുടെ സാന്നിദ്ധ്യത്തിൽ ആഹ്ലാദഭരിതനാണ് ഞാൻ ഇന്ന്. ഞാൻ കരഞ്ഞില്ലല്ലൊ. ഓ, ഹോ, കണ്ണീരോ? അല്പം മുമ്പെ മേൽത്തട്ടിലെ പൊടികളെല്ലാം തട്ടിക്കൊണ്ടിരിക്കയായിരുന്നു. ഒരു പൊടി കണ്ണിൽ ഉതിർന്നു, തിരുമ്മി കണ്ണുകലങ്ങി, കണ്ണീരൊലിച്ചു അത്രമാത്രം.

ശ്യാമള:—ഞാനും, ലവാംഗിയും ഉള്ളപ്പോൾ അച്ഛൻ എന്തിന്നു ബുദ്ധിമുട്ടണം? ഈ കരങ്ങൾ പിതൃശുശ്രൂഷണത്താൽ കൃതകൃത്യമാകയില്ലെങ്കിൽ ഒരു

ഭ്രഷ്ടനം അവ മാത്രമാണോ അച്ഛാ! ആരോ ഇങ്ങോട്ടു വരുന്നതായി തോന്നുന്നു. അടുത്തെത്തിക്കഴിഞ്ഞു ഞാനും ലവാംഗിയും മാറിനില്ക്കാം. (മാറിനിൽക്കുന്നു)

(രണ്ടാം പ്രവേശിക്കുന്നു.)

ഒന്നാമൻ:—വീരസിംഹപ്രഭു വിജയിച്ചാലും. ഞങ്ങൾ സലിം രാജകുമാരന്റെ സന്ദേശവാഹികളാണ്. അവിടുന്ന് അവിടുത്തേക്കും പ്രിയപുത്രി ശ്യാമളക്കും ഭാവുകം നേരുന്നതാണ്.

വീരസിംഹൻ:—മുഖവുര ചുരുക്കു; സന്ദേശമെന്താണെന്നു പറയൂ.

ഒന്നാമൻ:—അക്ബർ പാദുഷായുടെ മകൻ രജപുത്രരുമായി ഐക്യത്തിൽ കഴിയുവാൻ ആഗ്രഹിക്കുന്നുവെന്നും മുഗിളരുടെ കടാക്ഷമാകുന്ന ശീതളച്ഛായയിൽ രജപുത്രപ്രഭുക്കൾ വിശ്രമം കൊള്ളണമെന്നും.

വീരസിംഹൻ:—മതി, മതി. എന്നെ നിങ്ങൾ ഭ്രാന്തുപിടിപ്പിക്കരുത്. ദയവായി വന്ന കാര്യം മാത്രം പറഞ്ഞേക്കണം.

രണ്ടാമൻ:—പ്രഭോ! എന്തിനാണ് ഇങ്ങിനെ ക്ഷോഭിക്കുന്നതു്? ഞങ്ങളുടെ ദൌത്യം ഓമനമകൾ ശ്യാമളയുടെ ഭാവിയെ ബാധിക്കുന്നതാണ്.

വീരസിംഹൻ:—അതെന്താണ്?

 39729

ഒന്നാമൻ:—അക്ബർ പാദുഷയുടെ വാത്സല്യഭാജനമായ സലിം രാജകുമാരൻ അവിടുത്തെ വാത്സല്യഭാജനമായ ശ്യാമളാദേവിയിൽ അനുരക്തനാണെന്നുള്ള ഭാഗ്യവൃത്താന്തം ചെവി കുളുക്കെ കേട്ടാലും.

വീരസിംഹൻ:—(ചെവിപൊത്തിക്കൊണ്ടു്) ഛീ! കേൾക്കേണ്ട എനിക്കീ ജല്പനം. ഒരു തുക്കിക്ക് ഈ രജപുത്രർ മകളെ കൊടുക്കുകയില്ല. അക്ബർ പാദുഷ വീരനായിരിക്കാം. പക്ഷെ വിടനായ സലിം രാജകുമാരനെ—ഒരു വൈദേശികനെ—ജാമാതാവാക്കുവാൻ അത്ര വിവേകശൂന്യനല്ല ഞാൻ.

ഒന്നാമൻ:—എന്തുപറഞ്ഞു? ഒന്നുകൂടി പറയൂ.

വീരസിംഹൻ:—അരാവലീവാണ വീരസിംഹൻെറ മകൾ ശ്യാമളാദേവിയെ വിടനായ സലിമിൻെറ കാമപ്പേക്കൂത്തിന്നടിയറവെക്കുകയില്ലെന്നു തന്നെ.

രണ്ടാമൻ:—നല്ലപോലെ സൂക്ഷിച്ചു സംസാരിക്കൂ. ആരോടാണ് സംസാരിക്കുന്നതെന്നറിയാമൊ?

വീരസിംഹൻ:—ധാരാളം. മാനവും മര്യാദയും വിററുതിന്നുന്ന, മുകിലൻെറ അടിമകളായി ജീവിക്കുന്ന, രജപുത്രവംശത്തിൻെറ കളങ്കമായ അടിമശ്ശ്വങ്ങളോടു.

രണ്ടാമൻ:—ഇതിന്നു പകരം വീട്ടാതിരിക്കയില്ലെന്നു ഓമ്മതയിരിക്കട്ടെ. ഞങ്ങളുടെ സലിം രാജകുമാരൻെറ സഹായത്തോടുകൂടി മൂന്നു ദിവസത്തിനകം ഞങ്ങളെ അപമാനിച്ചതിന്നു പ്രതികാരം വീട്ടാതെ അടങ്ങുകയില്ല. ഇതു സത്യം.

— കർട്ടൻ —

39723

രംഗം മൂന്നു്

(പച്ചത്തറമേൽ ഇരുന്നു വിജയകുമാരൻ എഴുതിക്കൊണ്ടും വായിച്ചുകൊണ്ടും കവിതാനിമ്മാണം തുടന്നു പോകുന്നു.)

[ഇനിയെന്നു മഹാത്മജിയേ എന്ന രീതി.]

ജയഭാരതമേദിനിയേ
ബഹുഭാവുകദായിനിയേ!
ഒഴുകുനിഹസ്വദ്ധ്വനിയും.
മുഴങ്ങുന്നു ഗീതാദ്ധ്വനിയും
കിളിവേദമുരച്ചിവിടെ
ഇതു പോലൊരു നാടെവിടെ!

(അക്ബർ വേഷച്ഛന്നനായി പ്രവേശിക്കുന്നു.)

അക്ബർ:—വിജയകുമാരകവി വിജയിച്ചാലും.

വിജയകുമാരൻ:—താങ്കൾ ആരാണ്? ഇരിക്കു. ഇവിടെ വന്ന ഉദ്ദേശം?

അക്ബർ:—ഹിന്തുസ്ഥാനം മുഴുവനും ഈയിടെയായി സാഹിതീസരണിയാൽ സേചനസേവനം ചെയ്യുന്ന പൂജ്യപാദരായ കവിപുംഗവനെ ദർശിച്ചുപോകാൻ വന്ന പാന്ഥൻ.

വിജയകുമാരൻ:—വല്ല വിജനസ്ഥലത്തും ഇരുന്നു വല്ലതും കുത്തിക്കുറിക്കുക എന്നതിൽ കവിഞ്ഞ് ഒന്നും എനിക്കറിയില്ല. കവിസാർവ്വഭൌമപട്ടവും ഞാൻ ആഗ്രഹിക്കുന്നില്ല.

അക്ബർ:—കുമാരാ! അങ്ങിനെ പറയരുത്. വാസനാകവിയായ താങ്കൾ പ്രോത്സാഹനം കിട്ടാതെ അരണ്ടുപോകുന്നതു വേദനജനാകമാണ്. അതിനാൽ കവനത്തിൽ ചില പ്രത്യേകകാര്യ്യങ്ങൾ കൂടി ഉൾക്കൊള്ളിച്ചാൽ തരക്കേടില്ല.

വിജയകുമാരൻ:—അതെന്താണ്?

അക്ബർ:—നമ്മുടെ അക്ബർ പാദുഷയെപ്പററിയും മററും. എത്ര രജപുത്രവീരന്മാരാണ് അവിടെ അഭയം തേടീട്ടുള്ളത്. അക്ബർ താങ്കളെ ആസ്ഥാനകവി കൂടി ആക്കിയേക്കും.

വിജയകുമാരൻ:—രജപുത്രാഭിമാനത്തെ നിലനിർത്തുവാൻ സാധിക്കാതെ വരുന്ന കാലത്തു ഞാൻ അക്ബരുടെ ആസ്ഥാനകവി ആയിക്കൊള്ളാം. അതുവരെ എൻെറ തൂലികയും വാളും രജപുത്രോചിതാഭിമാനത്തോടെ കൃതകൃത്യരാകട്ടെ. അക്ബർ! കവിത! ഒരു ഗർഭിണിയായ രജപുത്ര വനിതയെ പടക്കളത്തിൽവെച്ചു നിർല്ലജ്ജം കൊലചെയ്ത കൊലയാളി അക്ബരെപ്പററി! സാധുപെൺകുട്ടിയെ—അനാർക്കലിയെ—ജീവനോടെ കല്ലറയിലിട്ടടച്ചു വീർപ്പുമ

ട്ടിച്ചുകൊന്ന അക്ബരെപ്പററി! രജപുത്രാംഗനമാരുടെ മാനവും മര്യാദയും അപഹരിക്കുന്ന സലിംരാജകുമാരൻെറ പിതാവിനെപ്പററി, ആകട്ടെ, എഴുതിക്കൊള്ളാം. അക്കാലം ആഗതമാകാതെ പോകട്ടെ.

അക്ബർ:—കുമാരാ? കാര്യത്തിൽ വാസ്തവമറിയാതെ ഇങ്ങിനെ പറയരുത്. ആശ്രിതക്കു കാമധേനുവും കല്പകവൃക്ഷവുമാണാ തിരുമേനി. കുമാരനെ ഒരു രജപുത്രസേനയുടെ സേനാപതിയാക്കാൻ പോലും മടിക്കയില്ല മഹാനായ അക്ബർ.

വിജകുമാരൻ:—അക്ബക്കു രജപുത്രസേനയോ! അടിമകളായ രജപുത്രരെങ്ങിനെ സേനയാകും? അവർ രജപുത്രരൊ? രജപുത്രർ ഒരൊററ എണ്ണം ഇന്നു അക്ബരുടെ ആശ്രിതരായിട്ടുണ്ടെന്നു തോന്നുന്നില്ല- ഭാരതാംബയുടെ വീരസന്തതികൾ അന്യന്നു അടിമയാകുന്നതു എങ്ങിനെ? എനിക്കു സേനാധിപത്യവും വേണ്ട, കവി പട്ടവും വേണ്ട. എൻെറ ജന്മഭൂമിയുടെ മാനം പോററുവാൻ ഒന്നുകിൽ മരണം അല്ലെങ്കിൽ വിജയം. താങ്കൾ ആരാണ്? അക്ബരുടെ ചാരനൊ?

അക്ബർ:—(വേഷം മാററിയിട്ട്) അല്ലകുമാരാ! ഞാൻ അക്ബർ തന്നെയാണ്.

വിജയകുമാരൻ:—മഹാരാജാ അക്ബർ പാദുഷക്കു സ്വാഗതം. വേഷച്ഛന്നനായി പാദുഷ നടക്കാറുണ്ടെന്നു കേട്ടിട്ടുണ്ട്.

അക്ബർ:—വീരനായ അങ്ങയുടെ മൈത്രിയാണ് ഞാൻ കൊതിക്കുന്നതു്. താങ്കൾ ഒരു സിംഹമാണ്. അക്ബറുടെ അഭിലാഷം സാധിക്കാതെ പോകാറില്ല.

വിജയകുമാരൻ:—പ്രഭോ! ക്ഷമിക്കണം. ഭാരതാംബയുടെ വീരസന്താനമെന്നഭിമാനിക്കുന്ന വീരക്ഷത്രിയനാണ് ഞാൻ. അവിടുന്നു ഒരു വിദേശീയനാണ്. ഒരു വിദേശിയുടെ ആധിപത്യം അഭിലഷണീയമല്ല അസ്മാദൃശക്ക് എന്നറിയാമല്ലൊ. അതിനാൽ എന്തുതന്നെ കഷ്ടം സഹിച്ചാലും ഈ ജനിച്ച മണ്ണോട്ട് വിലയം പ്രാപിക്കുംവരെ അക്ബക്ക് കീഴടങ്ങുകയില്ല. വീരമൃത്യുവരിക്കുവാൻ പററിയ പാരമ്പര്യമുള്ള രജപുത്രനാണ് ഈ പറയുന്നതെന്നോത്തു അങ്ങു ഈ ആശ്രമത്തിൽനിന്നു പിന്തിരിയണം.

അക്ബർ:— ആകട്ടെ കുമാരാ! താങ്കൾ വീരോചിതമായ ഈ രത്നമാല സമ്മാനമായി സ്വീകരിക്കൂ.

വിജയകുമാരൻ:—ഈ സമ്മാനം ആസ്ഥാനത്തിലാണ് വീരോചിതമായ കൃത്യം ചെയ്യുവാനുണ്ടത്രെ. അപ്പോൾ ആലോചിക്കാം. ഭാരതത്തിൻെറ രത്നം ഭാരതീയൻേറതു തന്നെയാണ്. അതു ഒരു കാലം അവൻ കൈപ്പററും. അന്യനെ അകററുന്ന ആ കാലം ആസന്നമല്ലാതില്ല. മഹാരാജാവേ! തിരുമേനിക്കു പോകാം. ഈ സമാഗമം ആരും അറിയാതിരിക്കട്ടെ. നമസ്കാരം. (പാട്ട്)

— കർട്ടൻ —

രംഗം നാല്

(നന്ദനോദ്യാനത്തിൽ സലിം, മല്ലസിംഗ്, ജഗൽസിംഗ് ഗഫൂർഖാൻ ഇവർ മദ്യപിച്ച നിലയിൽ)

ജഗൽസിംഗ്:—എടോ, മല്ലസിംഗ്! സലിം രാജകുമാരൻെറ ആഗ്രഹത്തിനെയും അന്തസ്സിനെയും സാധിപ്പിക്കാവുന്ന ഒരു രംഗമാണ് ഇന്നു നടക്കാൻ പോകുന്നതു്. നമ്മുടെ പ്രതികാരവാഞ്ഛയും.

മല്ലസിംഗ്:—അതെ, എടോ മരണത്തിൻെറ പിടിയിൽ നിന്നു രക്ഷപ്പെടുവാൻ ആ കിളവില്ലെ—കിഴവൻ—ശ്യാമളെ നമ്മുടെ സ്വാമിയുടെ കാൽക്കൽ വെക്കാതിരിക്കുമെന്നൊ നിൻെറ വിചാരം?

ഗഫൂർഖാൻ:—ഇല്ലെങ്കിൽ ചെയ്യിക്കാൻ പോരാത്തവരൊ നാം!

സലിം:—പക്ഷെ സ്നേഹിതന്മാരേ! എല്ലാം വളരെ ഗോപ്യമായിരിക്കണം. അച്ഛൻ വേഷം മാറി രാത്രികാലത്തുപോലും നടക്കാറുണ്ട്. നമ്മുടെ ഈ രംഗത്തെപ്പററി അല്പം അറിഞ്ഞുപോയാൽ പിന്നെത്തെ കഥ പറയണമോ?

ജഗൽസിംഗ്:—അതു ഞാൻ കാലെക്കൂട്ടി അറിഞ്ഞു. ഉദയപുരത്തേക്കാണ് ഇന്നു പോയിട്ടുള്ളതു്. പോരെ

ങ്കിൽ ആ കിളവനേയും മകളേയും ബന്ധിച്ചെടു ത്തു കൊണ്ടുവരാനാണ്. പിന്നെ എന്തിനാണ് ഭയം?

സലിം:—ഭേഷ്! അതെങ്ങിനെ സാധിച്ചു?

മല്ലസിംഗ്:—വീരസിംഹനും മകളും ലവാംഗിയും അല്ലാതെ ആരും ആ വീട്ടിലില്ല. വല്ല ഭീലനും കൊടുക്കുന്ന ചോളംകൊണ്ടു റൊട്ടിയുണ്ടാക്കി ആററിലെ വെള്ളവും കുടിച്ചാണ് ജീവിതം. എന്നാലും അഹങ്കാരം അത്രയല്ലതാനും! (ദൂരെനോക്കുന്നു) അതാ, അബ്ദുൾകാസിം വരുന്നു. (അബ്ദുൾകാസിം പ്രവേശിക്കുന്നു) എന്തായെടോ?

അബ്ദുൾകാസിം:—പൊന്നു തിരുമേനികളേ! എല്ലാം ശരിയായിട്ടുണ്ടു്. രണ്ടു പേരെയും ബന്ധിച്ചു മട്ടപ്പാവിന്മേൽ ഏററീട്ടുണ്ട്. അടിയൻ പോകട്ടെ. (പോകുന്നു.)

സലിം:—അപ്പോൾ ഗഫൂർ, അവളോടൊന്നു ചോദിക്കാം—നമ്മെ സ്വീകരിക്കുന്നോ, അല്ല അച്ഛൻെറ ജീവൻ വേണമോ? (എല്ലാവരും) അതുതന്നെ തിരുമേനി, അതുതന്നെ. സലിം രാജകുമാരൻ ജയിക്കട്ടെ.

— കർട്ടൻ —

രംഗം അഞ്ച്

[രണ്ടു കസേലകളിൽ ബന്ധനസ്ഥരായി വായ മൂടി കെട്ടിയ നിലയിൽ പിതാവും പുത്രിയും]

(സലിം പ്രവേശിക്കുന്നു)

സലിം:—വീരസിംഹപ്രഭുവിന്നും മകൾ ശ്യാമളക്കും എ ൻെറ വന്ദനം. ഈ സാഹസം ക്ഷമിക്കണം. ഞാ ൻ നിങ്ങളെ വേഗം വിമുക്തരാക്കിക്കൊള്ളാം. ദയ വായി ശ്യാമള എൻെറ ചോദ്യത്തിന്നു ഉത്തരം പറയണം. (സലിം ശ്യാമളയുടെ മുഖത്തെ കെട്ടു അഴി ക്കുന്നു.)

ശ്യാമള:—എടാ, നരാധമനായ സലിം! വൃദ്ധനായ പി താവിനേയും സാധു പുത്രിയേയും ബന്ധിച്ചുകൊ ണ്ടുവന്നു നിൻെറ മൃഗീയാഭിലാഷം സാധിപ്പിക്കാ മെന്നോ നിൻെറ വിചാരം? ഒരു രജപുത്രവനിത ക്ക് അവളുടെ പ്രാണനല്ല വലുത്, മാനമാണ്. ക ശ്മലാ! എന്നെ അഴിച്ചുവിടൂ. എനിക്കും ആയോധ നം അറിയാം. രാജോചിതമായി അടരാടുക.

സലിം:—ഉം... ഭേഷ്! കോഴിക്കുഞ്ഞ് പരുന്തോട് വീറ ടിക്കുന്നു! ഇന്നു നിങ്ങൾ രണ്ടുപേരും ഏകാന്തമന്ദിര

ത്തിൽ അടിമകൾ. സലിം രാജകുമാരൻെറ അഭിലാഷത്തിന്നു എതിർനിന്നു ജീവിക്കുവാൻ ഒരു രജപുത്രനും ആഗ്രഹിക്കേണ്ട. ശ്യാമള എനിക്കു നഷ്ടമാണെങ്കിൽ ഈ വീരസിംഹൻെറ ഉടലിൽനിന്നു തലതെറിക്കുന്നതു കാണേണ്ടിവരും.

ശ്യാമള:—എന്തു? നരാധമാ! നിരപരാധിയായ എൻെറ അച്ഛനെ വധിക്കാഃനാ? നിൻെറ കാമപ്പേക്കൂത്തിന് സ്വന്തം മകളെ ബലിയപ്പിക്കാഞ്ഞിട്ടോ? ഹാ! ഹാ! അങ്ങിനെ എന്നെ കബളിപ്പിച്ചു നേടാനൊ? വീരസിംഹൻെറ രക്തമാണ് എൻെറ ധമനികളിൽ. അച്ഛനും ഞാനും രജപുത്രവംശം മുഴുവനും നശിക്കട്ടെ; ആര്യാവർത്തം അറബിക്കടലിൽ ആഴട്ടെ; മുകില മന്നൻെറ മലീമസവാഴ്ചയാൽ അശുദ്ധമായ മേദിനി വിശുദ്ധമാകട്ടെ. എടാ, സലിം! നിൻെറ പൈശാചിക ചിത്രം ലോകമുള്ളേന്നും കാണിക്കപ്പെട്ടും. ഭാരതചാരിത്രപത്മങ്ങളെ പിഴുതു തിന്നുന്ന കൊലയാനേ! നരാധമാ! നീയ്യോ യുവരാജാവ്! ഭാരതവസുന്ധര അത്രക്ക് ഹതഭാഗ്യയായല്ലൊ! ഹാ! ജഗദീശ്വരാ! സീതയേയും സാവിത്രിയേയും പെററുവളത്തിയ ഭാരതാംബേ! അക്കനെപ്പോലും ആജ്ഞാമഹത്വത്താൽ ഉദിക്കാതെ നിത്തിയ വീരപതിവ്രതകളുടെജന്മഭൂമീ! ഭൂകമ്പമോ കാട്ടുതീയോ പ്രളയമോ സന്ദർഭോചിതമുണ്ടാക്കി ഈ പാ

വപ്പെട്ടവളുടെ ചാരിത്രം രക്ഷിക്കേണമേ. ഹാ! ഭാരതപാരമ്പര്യമേ........!

സലിം:—എടീ! ഈ കഠാരി നിൻെറ അച്ഛൻെറ നെഞ്ഞിൽ മന്ദം മന്ദം കുത്തിയിറക്കും. അതിൽനിന്നു തെറിക്കുന്ന രക്തത്തുള്ളികൾ നോക്കി നോക്കി ചിരിച്ചു, എന്നെ അപമാനിച്ച പ്രതികാരം വീട്ടും. അങ്ങിനെ ഇഞ്ചിഞ്ചായി ഇവൻ പിടഞ്ഞു പിടഞ്ഞു മരിക്കുന്നതു നീ നോക്കിക്കൊണ്ടിരിക്കണം. ഒന്നുകിൽ അതു്, അല്ലെങ്കിൽ ഭാരതസാർവ്വഭൌമൻെറ പട്ടമഹിഷീപദം—രണ്ടിലൊന്നു് കൈക്കൊള്ളുക. പിതാവും പദവിയിൽ ഇരുന്നുകൊള്ളട്ടെ.

ശ്യാമള:—ഇല്ല; ഇല്ല! ഈ ഘോരപ്പാപത്തിന്നു പ്രപഞ്ചം സാക്ഷിയാണ്. ഇതിന്നു ഭാരതാംബ, എടാ മൃകിലാ, നിന്നോടു പകരം ചോദിക്കും. ഒരു വീരക്ഷത്രിയന്നു്—ഭാരതീയന്നു—നീതിയുടെ പേരിൽ ഇതിൽ അപ്പുറവും സഹിക്കാൻ അറിയുമെന്നു ലോകം കാണട്ടെ. ഉം, നടത്തൂ നിൻെറ ഔദ്ധത്യം—നിൻെറ യോഗ്യത പൂർത്തിയാകാൻ പോകുന്നതു അങ്ങിനെയാകട്ടെ! ഉം!

സലിം:—(വൃദ്ധൻെറ മുഖവസ്ത്രം നീക്കി) എടോ, കാരണവരേ! കേട്ടില്ലേ മകളുടെ തീരുമാനം? മരിക്കതന്നെയല്ലേ?

വീരസിംഹൻ:—എടാ! അരാവലി ദുർഗ്ഗം കീഴടക്കിയതുകൊണ്ട് മതിയായില്ല-കുറുനരിക്ക് സിംഹക്കുട്ടിയിൽ ആഗ്രഹം! നീചനായ നിൻെറ കൈകൊണ്ടു മരിക്കാനാണ് വിധിയെങ്കിൽ ആകട്ടെ. രാജ്യത്തിന്നുവേണ്ടി അടരാടിത്തളൎന്ന ഞാൻ അധമനായ നിൻെറ-ഇല്ല-നീയെന്നെ തുണ്ടംതുണ്ടമായിക്കഷണിക്കൂ. മകളെ, ശ്യാമളേ! ഈ ബലി കാളിയുടെ ബലിയായി കരുതുക. തെല്ലും വ്യാകുലമരുത്. പ്രാൎത്ഥിക്കൂ—ഞാൻ കൊടുംകാററായി ജനിച്ചു് വൈദേശികരെ കടലിന്നപ്പുറം പറപ്പിക്കും; ഭൂകമ്പമായി പിറന്നു ശത്രുസൈന്യത്തെ കുഴിച്ചുമൂടും. അമ്മേ, മനുഷ്യനായി ജനിക്കുമെങ്കിൽ ഭാരതസ്വാതന്ത്ര്യത്തിന്നു വേണ്ടി അടരാടുവാൻ വീരഭടനായി പിറക്കേണമേ.

("ഇതാ നിൻെറ വീരഭടൻ" എന്നു പറഞ്ഞുകൊണ്ടു് സലിം കഠാരിവലിച്ചെടുത്തു വീരസിംഹനെ കുത്തുവാൻ ഓങ്ങുന്നു. പെട്ടെന്നു വിജയകുമാരൻ ചാടിവീണു കഠാരി തട്ടി താഴത്തിടുന്നു.)

സലിം:—ഓ, ഹോ—വിജയകുമാർ! തനിക്കു തൂലിക എടുക്കാനല്ലാതെ വാളെടുക്കാനറിയാമോ?

വിജയകുമാർ:—നോക്കാം; വൃദ്ധനോടല്ല നിൻെറ ബലം കാണിക്കേണ്ടതു്; അബലയോടല്ല നിൻെറ ഔദ്ധത്യം വേണ്ടതു. വാളെടുക്കൂ, അടരാടൂ. അടക്കുള

ത്തിൽ കുശലപ്രശ്നമില്ല. വേണമെങ്കിൽ വീഞ്ഞുകുടിച്ചു മസ്തരായി കിടക്കുന്ന നിൻെറ കൂട്ടകാരുണ്ട് താഴെ. വിളിച്ചോളൂ. ഉം!

(വാൾയുദ്ധത്തിൽ സലീമിനെ പരാജിതനാക്കിയ ശേഷം)

വിജയകുമാർ:—സലീം! താനിപ്പോൾ തികച്ചും പരാജിതനായി. തൻെറ ജീവൻ എൻെറ വാൾത്തുമ്പിലാണ്. വിടവ്യത്തി കൈവെടിയുമെങ്കിൽ തല്ക്കാലം ജീവനോടെ വിട്ടേക്കാം.

(പരിഭ്രാന്തനായി അക്ബർ ചാടി വരുന്നു.)

അക്ബർ:—വിജയകുമാരപ്രഭോ! സലീമിനെ വിട്ടേക്കു! നാം തല്ക്കാലം സലീമിൻെറ ആയുസ്സിനാപേക്ഷിക്കയാണ്. വീരപുംഗവനായ കുമാരാ! പുത്രവാത്സല്യത്തോടെ അപേക്ഷിക്കുന്നു സലീമിനെ വിട്ടുവാൻ.

വിജയകുമാർ:—ഓ, ഹോ, പാദുഷയോ! നീതിമാനായ ചക്രവത്തീ! ഇതാ കുററവാളിയെ രാജാവിനേല്പിക്കുന്നു. വേണ്ട ശിക്ഷ കൊടുക്കുമല്ലൊ.

അക്ബർ:—എടാ, സലിം! മുഗൾ വംശത്തിൻെറ മുഴുത്ത അപമാന ബീജമേ, ധൂമകേതു! നാം ആജ്ഞാപിക്കുന്നു നീയും നിൻെറ അനുചരന്മാരും മേലാൽ നന്ദനോദ്യാനത്തോ ഈ അരാവലി പ്രാന്തത്തിലെവിടെയെങ്കിലുമോ കടന്നു പോകരുതെന്നു. കട

ന്നാൽ വധശിക്ഷക്ക വിധേയരാകും. ഓൎമ്മയിരിക്കട്ടെ. ഉം. പോ!

(അക്ബർ വീരസിംഹനോട്)

വീരസിംഹപ്രഭോ! അവിടുത്തെ ബന്ധനവിമുക്തനാക്കാൻ അനുവദിക്കുക. ഇതാ, ഈ വാളേന്തിത്തഴമ്പിച്ച കരങ്ങൾ അങ്ങിനെ പരിതാൎത്ഥമാകട്ടെ.

വീരസിംഹൻ:—ചക്രവൎത്തീ! എന്നെ ബന്ധനവിമുക്തനാക്കാൻ അങ്ങയ്ക്കവകാശമില്ല. എൻെറയും മകളുടെയും മാനത്തെയും പ്രാണനെയും രക്ഷിച്ച വിജയകുമാരൻെറ കൈകൾക്കാണ് ഞങ്ങളെ ബന്ധനവിമുക്തരാക്കാൻ അധികാരം. അതെ, ആ വീരകരങ്ങൾക്ക മാതൃഭൂമിയുടെ ബന്ധനംപോലും നീക്കാനിടവരുത്തട്ടെ. കുമാരാ വിജയകുമാരാ! ആത്തുരരക്ഷണത്തിന്ന ആയുധമെടുത്ത ക്ഷാത്രതേജസ്സേ! താങ്കൾക്ക് സൎവ്വഭാവുകങ്ങളും ഉണ്ടാകട്ടെ. (വിജയകുമാരൻ കെട്ടഴിക്കുന്നു.)

വിജയകുമാരൻ:—ദേവി, ശ്യാമളാദേവീ! ഭവതിയെ ബന്ധനവിമുക്തയാക്കി കൃതാൎത്ഥതനേടുവാൻ ഈ വാൾത്തഴമ്പുള്ള കൈ വെമ്പുന്നു. (ശ്യാമളയുടെയും കെട്ടഴിക്കുന്നു.)

ശ്യാമള:—കുമാരാ! അഗതിയും അശരണയും ആയ ഈ പാവത്തെ പരിപാലിച്ച കരപല്ലവം എൻെറയും അച്ഛൻെറയും ബന്ധനം തീൎത്തപോലെ മാതൃധരയുടെ ബന്ധനവും തീൎക്കുമാറാകട്ടെ. അതിന്നു നമ്മ

ടെ കുലപരദേവതയായ ശ്യാമളാംബിക കടാക്ഷി ക്കട്ടെ.

അക്ബർ:—ഹാ, ഞാൻ കൃതകൃത്യനായി. ഈ അത്യാഹിതം ജയപുരത്തേക്കു പോകുന്ന വഴിക്ക് ചാരന്മാർ മുഖേന അറിഞ്ഞതാണ്. സന്ദർഭോചിതമായി, എൻെറ പിതാമഹൻെറ അനുഗ്രഹംകൊണ്ട്, അബദ്ധമൊന്നുമില്ലാതെ രക്ഷപ്പെട്ടു. ഭാരതാവനിയിൽ വീരസിംഹങ്ങൾ ഇത്തരം എത്ര പേരുണ്ട്! ഇവരുടെ കണ്ണീരിൽ എൻെറ ചെങ്കോൽ ഒഴകിപ്പോകുമെന്നു ബുദ്ധിശൂന്യനായ സലിം അറിയാത്തതാണ് അബദ്ധം. ഏതായാലും, രജപുത്രരെ സ്വാധീനിച്ചില്ലെങ്കിൽ പൂർവ്വീകന്മാർ നേടിവെച്ച എൻെറ സിംഹാസനം തരിപ്പണമാകും. ഭാരതത്തിൻെറ സ്വാതന്ത്ര്യബോധം ഉജ്ജ്വലിക്കുന്നതേയുള്ളു.

— കർട്ടൻ —

KOTTAYAM PUBLIC LIBRARY
1918
KOTTAYAM.

രംഗം ആറ്

[ലവാംഗിയും ശ്യാമളയും തോട്ടത്തിൽ പ്രവേശിക്കുന്നു. വിജയകുമാരൻ പൂവറുക്കുന്നതായിക്കാണുന്നു.]

ലവാംഗി:—ആരാണതു് ഇത്ര പ്രഭാതത്തിൽ ഉദ്യാനത്തിൽ വന്നു പൂവറുക്കുന്നതു്? വീരസിംഹപുത്രി ശ്യാമളാദേവി തോട്ടം നനക്കുവാൻ വരുന്നുണ്ടിവിടെ. ദയവായി വേറൊരു ഭാഗത്തു ചെന്നു പൂവറുക്കണം.

വിജയകുമാർ:—നിങ്ങളുടെ സഖി ഇവിടെ വരുമെന്നു ഞാൻ ഓർത്തില്ല. പ്രഭുവിൻെറ സമ്മതവും വാങ്ങി ഇന്നു കൃഷ്ണാഷ്ടമി പൂജാവശ്യം പൂവറുക്കുവാൻ തുടങ്ങിയതാണ്. ഇതാ ഞാൻ മാറിക്കൊള്ളാം.

ശ്യാമള:—(മുന്നോട്ടുവന്നു) വീരനായ രാജകുമാരാ! ലവാംഗി ആളെ അറിയാതെ പറഞ്ഞുപോയതാണ്. അച്ഛനും ഞാനും ലവാംഗിയുമെല്ലാംതന്നെ അവിടത്തെ ആജ്ഞാനുയായികൾ. തോട്ടം നനക്കുവാൻ ഞാൻ ഇത്രവേഗം പുറപ്പെട്ടതു അച്ഛൻെറ ആജ്ഞപ്രകാരം രാജകുമാരനു അല്പം പൂവറുത്തു തരാൻകൂടിയാണ്. ലവാംഗീ! നമുക്കു പൂവറുക്ക

വാൻ രാജകുമാരനെ സഹായിക്കാം. എന്നിട്ടാവാം തോട്ടം നനക്കൽ.

(പൂവറുത്തു കൊണ്ടിരിക്കുന്നു)

വിജയകുമാരൻ:— ശ്യാമളേ! ഒരു ഭാരതീയൻെറ മൂന്നു കടമകൾ എന്തൊക്കെയാണ്?

ശ്യാമള:—അല്പജ്ഞയെങ്കിലും ഞാൻ പറയാൻ ശ്രമിക്കാം. ഒന്നു മാതൃഭൂമിയോട്, രണ്ടു മാതാപിതാക്കളോട്, മൂന്നു ദൈവത്തോട്.

വിജയകുമാരൻ:—ശരി. അങ്ങിനെ കരുതുന്ന വല്ലവരെയും നമുക്കു കാണുവാൻ സാധിക്കുമോ?

ശ്യാമള:—പ്രയാസം. ഞാൻ എൻെറ ജീവിതത്തിൽ ഒരാളെ കണ്ടിട്ടുണ്ട്—ഈയിടെ അർദ്ധരാത്രിയിൽ.

വിജയകുമാരൻ:—ഭവതി അയാളോട് എങ്ങിനെ പെരുമാറും?

ശ്യാമള:—ആ മഹാപുരുഷൻ എനിക്കു ദൈവമാണ്. അകം നിറഞ്ഞ ബഹുമാനത്തോടെ എൻെറ ഹൃദയകുസുമം അദ്ദേഹത്തിൽ അർപ്പിക്കും. അദ്ദേഹം എന്നെ പരിഗ്രഹിച്ചാലും പരിത്യജിച്ചാലും എൻെറ ജീവൻ ആ പാവന തൃപ്പാദങ്ങളിൽ അടിയറ വെച്ചുകഴിഞ്ഞു. കുമാരാ! അത്രക്കു പരീക്ഷിക്കേണ്ടതില്ല. ഈ പൂന്തോട്ടത്തിൽ പാരിജാതത്തോട് ചേർന്നു പടന്ന മുല്ല എങ്ങിനെ തോട്ടത്തിനെല്ലാം

1918

സൌരഭ്യം വീശുന്നുവോ, അതുപോലെ, ഭാരതാരാമത്തിന്ന ആകമാനം കാന്തിപ്രസരം വീശുന്നതിന്ന മാതൃസ്വാതന്ത്ര്യസമരത്തിൽ എന്റെ പ്രോത്സാഹനവും ആശിസ്സും കുമാരനിൽ അപ്പിക്കുവാൻ അനുവദിക്കാമോ? ഒരു രജപുത്ര സ്ത്രീ എന്തിന്നധീരയാകണം!

വിജയകുമാരൻ:—ശ്യാമളേ! ഉററവരും ഉടയവരുമെല്ലാം എനിക്ക് ഈ ഉടവാഠം മാത്രമേയുള്ളൂ എന്നറിയാമോ?

ശ്യാമള:—അറിയാം കുമാരാ! അറിയാം. ലോകത്തുഎല്ലാ ഐശ്വൎയ്യവും നശിക്കുന്നവയാണ്. എന്നാൽ, മാതൃഭൂസേവനമെന്ന കീൎത്തി സൂൎയ്യരശ്മിപോലെയാണ്. എന്നെപ്പോലെയുള്ളവൎക്ക് അതാണാവശ്യം. മാതൃധരയുടെ വീരപുത്രാ! സ്വാതന്ത്ര്യസമരാങ്കണത്തിൽ വിശ്രമിക്കെ, അങ്ങയെ വീശി ശ്രമം തീൎക്കുവാനുള്ള ഭാഗ്യമെങ്കിലും ഈ അഗതിക്ക് അനുവദിക്കണേ.

— കർട്ടൻ —

രംഗം ഏഴ്

(വിളംബരക്കാരൻ ഒരു ചെണ്ടയും മുട്ടിക്കൊണ്ട്)

വിളംബരക്കാരൻ:—അക്ബർ ചക്രവത്തി തന്റെ പ്രജാവലിയെ അറിയിക്കുന്നത്. ഡും...ഡും...ഡും യുക്തവയസ്സ് തികഞ്ഞവരെല്ലാം പട്ടാളത്തിൽ ചേരുവാൻ.

(രണ്ടാം ആ വഴിക്ക പോകുന്നു)

ഒന്നാമൻ:—എടോ! എന്താണീ വിളംബരം?

രണ്ടാമൻ:—പതിനാറ് വയസ്സ ചെന്നവരെല്ലാം പട്ടാളത്തിൽ ചേരണമെന്ന്.

ഒന്നാമൻ:—എന്തു! പതിനാറ വയസ്സചെന്നാൽ 15സേർ അരി പത്തായത്തിലിടാനൊ?

രണ്ടാമൻ:—അല്ല, കാരണവരെ, അല്ല. (അടുത്തു ചെന്നു ചെവിയിൽ) പട്ടാള,........ പട്ടാളത്തിൽ ചേരാൻ.

ഒന്നാമൻ:—ഓഹോ! യുദ്ധമൊ? ഏതുകാലമാണിതവസാനിക്കുക! എപ്പോഴും യുദ്ധം. അതൊഴിഞ്ഞ കാ

 39728

ലമേയില്ല. കൃഷിയില്ല, കൈത്തൊഴിലില്ല, കച്ചവടമില്ല, ദാരിദ്ര്യമേ ദാരിദ്ര്യം. സ്വാൎത്ഥലോഭികളായ നരപതികൾ നരലോകം നരകപ്രായമാക്കുന്നു. ശാന്തിയും സമാധാനവും നാട്ടിൽ നിന്നെങ്ങോ മറഞ്ഞു. പാലും തേനും ഒഴുകിയ ഭാരതം പട്ടിണിപ്പട്ടടയായി മാററുന്നു. ഇതെല്ലാം പറഞ്ഞാൽ രാജദ്രോഹം. ഇതാണ്പോൽ അക്ബരുടെ കീഴിൽ പൌരസ്വാതന്ത്ര്യം! എവിടെയും കലാപം. ആപണത്തിലും ആരാമത്തിലും ആയോധനം! എന്തിന്നേറെ! ഒരു തുക്കിയും ഒരു രജപുത്രനും കൂടി കണ്ടാൽ മതി വാളുകൊണ്ടായി കുശലപ്രശ്നം; രക്തം കൊണ്ടായി അഭിഷേകം. നശിച്ചവൎഗ്ഗീയത്വമേ, മനുഷ്യനെ മനുഷ്യൻ ഭക്ഷിക്കുന്ന ദുഷിച്ച സംസ്കാരമേ! എന്നാണ് ഈ നാട് നിന്റെ കയ്യിൽനിന്നു രക്ഷപ്പെടുന്നതു്.

— കർട്ടൻ —

39128

രംഗം എട്ട്

[ശ്യാമള ചിന്താവിഷ്ടയായിരിക്കുന്നു.]

പാട്ട് (മനോഹരമീ മഹാരാജ്യം—എന്ന മട്ട്)

മഹാകഠിനം, അഹോ രാജ്യം നിരാ
ശ്രയമായിട്ടുന്നയ്യോ......മഹാകഠിനം
ഭയങ്കരമെന്തുവിധിയയ്യോ!
സ്വതന്ത്രതക്കെന്തു വഴിയയ്യോ!
നിരാശ്രയരിന്നു രജപുത്രർ
അടക്കിളമൃത്യുയടയറായി!
വിദേശി മുകിലൻെറ ഭാഗ്യത്താൽ
സ്വദേശം വെന്തുനീറുന്നു!
പരസ്പരമാത്മവിശ്വാസം
നശിക്കുകമൂലമീ നാശം......മഹാകഠിനം

(ലവാംഗി പ്രവേശിക്കുന്നു—കഠാരിയോടെ)

ലവാംഗി:—ആശക്കു വഴിയില്ല ദേവീ! മുകിളരുടെ ഭാഗ്യതാരം ഉച്ചത്തിൽ ഉദയം ചെയ്തിരിക്കയാണ്. റാണാ പ്രതാപസിംഹനുമായി മേവാറിൽ യുദ്ധം തുടങ്ങിയതിനാൽ നമ്മുടെ രജപുത്ര ഭടന്മാർ അങ്ങോട്ടു

പോയിരിക്കയാണ്. നമ്മുടെ വിജയകുമാരൻെറയും ഇവിടുത്തെ അച്ഛൻെറയും നേതൃത്വത്തിൽ പോയതായിരുന്നു. അവരെ മുകിളപ്പട വളഞ്ഞു. തീയുണ്ടകൾ അവരെ നിശ്ശേഷം നിലംപതിപ്പിച്ചു. ഇപ്പോൾ രാജകുമാരൻ-മാത്രമേ ബാക്കിയുള്ളൂ. അച്ഛൻെറ നിലയും അപായകരമാണത്രെ.

ശ്യാമള:—കുമാരനൊ? ആപല്ക്കരംതന്നെ അല്ലേ?

ലവാംഗി:—നാന്തുറോളം മുകിള ഭടന്മാരുടെ മദ്ധ്യേ മിന്നൽപ്പിണർ എന്നോണം വാൾ വീശിക്കൊണ്ടിരിക്കുന്നു. മത്തഗജത്തിൻെറ മസ്തകമടക്കുന്ന ഒരു സിംഹക്കുട്ടി. എങ്കിലും ആശക്കു വഴിയില്ല.

(വഴിയിൽനിന്നു ശബ്ദം കേൾക്കുന്നു)

അതാ, മുകിളപ്പടയുടെ ജയഭേരി.

ശ്യാമള:—ലവാംഗീ! കുമാരന്ന് ആരുംസഹായമില്ലല്ലൊ. തടവുകാരനായി ആ വീരനെ പിടിക്കുവാൻ ശത്രുക്കൾക്ക് സാദ്ധ്യമല്ല. പരുക്കേററ് നിലംപതിച്ച ഫലട്ടമായിരിക്കാം. അതാ, സേനകൾ മീവാറിലേക്ക് തിരിക്കയാണെന്നു തോന്നുന്നു. പടക്കളം ഒഴിവായിരിക്കാം. നീ വേഗം തീക്കൂട്ടുക. എനിക്ക് ഒരു പ്രതിജ്ഞ ബാക്കിയുണ്ടു. അന്ന് തോട്ടത്തിൽ വെച്ച് ഞാൻ ചെയ്തതാണ് അതു്. കുമാരൻ യുദ്ധരംഗത്തിൽ വിവശനായിരിക്കുമ്പോൾ പരിചര്യക്ക് വരുമെന്ന്. അതിനാൽ ഞാൻ ക്ഷണം പോയിവരാം. എൻെറ കഠാരി തരൂ.

(കഠാരി വാങ്ങിപ്പോകുന്നു)

— കർട്ടൻ —

രംഗം ഒമ്പത്

[പിതാവിൻെറ ശവം—മരണഗർഭത്തിൽ വിജയകുമാരൻ—ശ്യാമള മടിയിൽ അച്ഛൻെറ തലയുംവെച്ചുകൊണ്ടു്]

ശ്യാമള:—ഹാ, പിതാവേ, ഇതാണോ ഗതി! അരാവലി ദുർഗ്ഗത്തിൻെറ അധിപതിയായ വീരസിംഹപ്രഭുവിൻെറ മരണശയ്യയോ ഇത്! അല്ല—തീയ്യിൽ ജനിച്ചു്, തീയ്യിൽ വളൎന്നു തീയ്യിൽ തീരുന്ന രജപുത്രസിംഹം! മാതൃധരക്കുവേണ്ടി ജീവിതം മുഴുവനും പൊരുതി മാതൃവക്ഷസ്സിൽ അന്ത്യവിശ്രമം തേടിയ മഹാതേജസ്വി! (കരയുന്നു.)

വിജയകുമാരൻ:—ശ്യാമളേ, അച്ഛൻ സ്വർഗ്ഗത്തിൽ എത്തിക്കഴിഞ്ഞു. ഞാനും പോകട്ടെ. അയ്യോ! ഈ കഠാരി വലിച്ചെടുക്കുക. മരിക്കട്ടെ; വേദന സഹിക്കാവതല്ല. വെള്ളം.....വെള്ളം.....

ശ്യാമള:—ഹാ, മാദ്രീപുരത്തിൻെറ ഏകാവലംബമായ വീരാ, വിജയകുമാരാ! മാതൃഭൂമിക്കു് വാളും തൂലികയും നഷ്ടമായല്ലോ. ഇതു് ചതിപ്രയോഗമാണല്ലോ.

വിജയകുമാരൻ:—അതെ—അവനും ഒരു രജപുത്രൻ സലീ

മിൻെറ സ്നേഹിതൻ. ഞങ്ങൾ നേരിട്ടു പൊരുതു മ്പോൾ പിന്നിൽനിന്നു കഠാരി കുത്തിയിറക്കി.

ശ്യാമള:—കുമാരാ! അല്ല- അവൻ രജപുത്ര ഭൂമിയിൽ ഒരു കാളസർപ്പം (കഠാരി വലിച്ചെടുക്കുന്നു.)

വിജയകുമാരൻ:—ഞാൻ പോട്ടെ—വെള്ളം—വെള്ളം.

ശ്യാമള:—കുമാരാ, വിജയകുമാരാ! വിജനമായ മണലാര ണ്യമല്ലേ ഇത്? എവിടെയാണ് വെള്ളം കിട്ടുക? അയ്യോ! ഞാൻ എങ്ങിനെയാണ് വെള്ളം തരേ ണ്ടത്? ഇവിടെ ശവങ്ങളല്ലാതെ യാതൊന്നുമില്ല ല്ലോ. ഹാ! ജഗദീശ്വരാ, മരണഗർഭത്തിൽ കിട ന്നു പിടയുന്ന വീരന്നു് ഒരു തുള്ളി വെള്ളം കൊ ടുപ്പാൻ ശക്തിയില്ലാതായല്ലോ ഞാൻ. അല്ലെ ങ്കിൽ, എന്തിന്നു്! ഭാരതവക്ഷസ്സിൽ രണാങ്കണ ത്തിൽ പൊരുതി വീരമൃത്യുവടയുന്ന രജപുത്ര യോ ദ്ധാക്കൾക്ക് ആരാണ് ഉദകം കൊടുക്കാറു്! വേണ്ട, വീരജനനിയുടെ വീരപുത്രർ അങ്ങിനെ മരിക്ക സാധാരണമാണ്. കുമാരാ! ഞാൻ എന്തുചെയ്യ ട്ടെ, വെള്ളമില്ലല്ലോ.

(സലിം വെള്ളവുമായി പ്രവേശിക്കുന്നു)

സലിം:—ശ്യാമളേ! നിൻെറ കാമുകന്നു അന്ത്യോദകം കൊടുക്കുവാൻ വെള്ളമിതാ.

ശ്യാമള:—(തട്ടിമറിച്ചുകൊണ്ടു) വേണ്ട, വേണ്ട-വഞ്ചകനും നീചനുമായ നിൻെറ കൈകൊണ്ടുള്ള വെള്ളം

എന്റെ കുമാരന്നു് ഉദകത്തിന്നുതകുകയില്ല. കുമാരന്നു ഉദകം വേണ്ട. കുമാരാ! ഒന്നുകിൽ നമുക്കു് ഇനി ഒന്നായി സ്വർഗ്ഗത്തിൽനിന്നു ഉദകം കഴിക്കാം; അല്ലെങ്കിൽ, ഇതേ ഭാരതമേദിനിയിൽ സ്വാതന്ത്ര്യപ്പോർഭടരായി ജനിച്ചു ആസ്വദിക്കാം.

വിജയകുമാരൻ:—വെള്ളം......വെ.....ള്ളം......!

ശ്യാമള:—കുമാരാ! അവിടുത്തേക്കു് തരുവാൻ വെള്ളമില്ല. പക്ഷെ ഇതാ എന്റെ ജീവരക്തം. ...ചുടു ജീവരക്തം......ഞാൻ അവിടുത്തേക്കു്വേണ്ടി സംഭരിച്ച ജീവരക്തം (കഠാരികൊണ്ടു സ്വന്തം മാർവിടത്തിൽ കുത്തി ആത്മഹത്യചെയ്യുന്നു.)

(പെട്ടെന്നു അക്ബർ പ്രവേശിക്കുന്നു)

അക്ബർ:—സലിം! ഇതു നീ വിജയകരമായി കരുതുന്നുവോ? വിജയകുമാരനെ കൊന്നതു ശരിയായില്ല.

സലിം:—അച്ഛാ! ഞാനല്ല കൊന്നതു്, ജയസിംഹനാണ്. എന്റെ അപായനില കണ്ടു പിന്നിൽനിന്നു് കഠാരി കുത്തിയിട്ടു്.

അക്ബർ:—ഹാ! മൂന്നുക്ഷത്രിയ വീരസ്ഫുലിംഗങ്ങൾ! ഭാരതസ്വാതന്ത്ര്യസമരാങ്കണത്തിലെ വീരഭടന്മാർ! ഇല്ല—ഇവർ അക്ബരോടു് തോററിട്ടില്ല. ദുർല്ലഭം ചില ആശ്രയമനഃസ്ഥിതിയോടെ ജീവിക്കുന്ന രജപുത്രരുടെ പിൻതുണകൊണ്ടു വ്യാമോഹിതനായ—രാജ്യലോഭിയായ—ഞാനാണ് തികച്ചും പരാജിതൻ.

ജന്മഭൂമിക്കുവേണ്ടി ജീവിച്ചു സ്ഥീരം പൊരുതിയ ഈ ക്ഷാത്രത്രയങ്ങളാണ് ഭാരതത്തിൻെറ അഭിമാന സ്തംഭങ്ങൾ. സലിം! മൂന്നു രമണീയ സ്മാരകങ്ങൾ പണിയിക്കണം; ഈ മുത്തുമാല വിജയകുമാരൻെറ സ്മാരകത്തിലണിയിക്കണം. ഹാ! ഹിന്ദുവും മുസ്ലീമും ഐക്യത്തോടെ കഴിയുമെങ്കിൽ ഇതു രാമരാജ്യം തന്നെ ആകും. വർഗ്ഗീയതയും അഭിപ്രായവ്യത്യാസവുംകൊണ്ടു വ്യത്യസ്ത സംഘങ്ങൾ രൂപീകരിച്ചതാണ് ഭാരതത്തിൻെറ അധോഗതിക്കടിസ്ഥാന കാരണമെന്നു ഇനിയെങ്കിലും ഭാരതീയർ മനസ്സിലാക്കുമെങ്കിൽ!

— കർട്ടൻ —

KOTTAYAM PUBLIC LIBRARY KOTTAYAM

വിഷ്ക്കംഭം

(ആദ്യത്തെ രംഗം—ഹിന്ദുവും മുസ്ലീമും)

മുസ്ലിം:—അങ്ങിനെ മഹാനായ അക്ബർ ചക്രവർത്തി മകനെ ശാസിച്ചുകൊണ്ടും ആ രാജകുമാരൻെറ മാനസാന്തരത്തെ പ്രതീക്ഷിച്ചു നിരാശനായും കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. മുകിലവംശവും മുടിഞ്ഞുപോയി. കാലാന്തരത്തിൽ ഭാരതം ഇംഗ്ലീഷ്കോയ്മക്കധീനമായി.

ഹിന്ദു:—ഭാരതീയരുടെ അനൈക്യമാണ് ആംഗ്ലേയക്ക് താങ്ങും തണലുമായിത്തീൎന്നതു്.

മുസ്ലിം:—തീൎച്ചയായും. കേൾക്കു. 1600ൽ അക്ബർ ചക്രവർത്തി സ്ഥാപിച്ച സ്മാരകാവശിഷ്ടം ഇന്നും നമ്മെ നോക്കി ചിരിച്ചുകൊണ്ടിരിക്കുന്നു. പൊളിഞ്ഞു താറുമാറായ ആ കല്ലുകഷണങ്ങൾ പോലെ ഭാരതീയരും അവശതയിലാണെന്നാണ് അവ അനുസ്മരിപ്പിക്കുന്നതു്; ജനത സംഘടിച്ചു ശ്രമപ്പെടുകവാൻ ആഹ്വാനം തരുന്നതു്.

ഹിന്ദു:—സ്നേഹിതാ! ഇനിയെങ്കിലും നാമെല്ലാം ഐക്യത്തോടെ, ഭാരതീയർ എന്ന പേരോടെ, സാഹോദ

ത്ര്യം പുലർത്തി ജീവിക്കാഞ്ഞാൽ ഈ സ്വതന്ത്രഭാരതത്തിന്റെ ഭാവി എന്താകും?

മുസ്ലിം:—തീർച്ചയായും അതാണെനിക്കും പറയുവാനുള്ളതു്. ജന്മഭൂമി കഴിഞ്ഞിട്ടാണു് മറ്റെല്ലാം.

ജനനീ ജന്മഭൂമിശ്ച
സ്വർഗ്ഗാദപി ഗരീയസി. എന്നല്ലെ?

ഹിന്ദു:—സമയം വൈകി. പോകതന്നെ.

(രണ്ടുപേരും സഭയെ നോക്കി)

— ജയ്ഹിന്ദ് —

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. MD Acc No. 1918

This book should be returned on or before the date last stamped below.

MD

മിസിസ്സ് കെ. പി. കെ
നമ്പ്യാർ

അരാവലിയിൽ
അഥവാ രജപുത്ര
സ്മാരകം

1918